(ബി) പുഞ്ചക്കൃഷികാർക്കുമാത്രം നെല്ല കൂടുതൽ കൊടുക്കാൻ സമ്മതിച്ചിട്ടുണ്ട്.

(സി) ഇല്ല.

ഗൃഹനിർമ്മാണപദ്ധതി

*൩൭൭. (വ) ശ്രീ കണ്ണാറ തോപ്രാംകുടിപ്പുണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഗൃഹനിർമ്മാണപദ്ധതിക്ക് ഫെബ്രുവരി ൨൮-ാം തീയതിയിലെ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ള സംഖ്യ എത്ര;

(ബി) അതിൽ നാളിതുവരെ എത്ര സംഖ്യ ചെലവായി;

(സി) ഈ പദ്ധതിയനുസരിച്ച് ഇതുവരെ എത്ര വീടുകൾ പണിതു;

(ഡി) അവയിൽ എത്രയെണ്ണം താമസത്തിനായി കൊടുത്തു;

(ഇ) എന്ത് വ്യവസ്ഥയിന്മേലാണ്;

(എഫ്) ബാക്കി വീടുകൾ കൊടുക്കാത്തത് എന്തുകൊണ്ടാണ്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പ് മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൪,൩൫൦൦ രൂപാ.

(ബി) ഇതിനെപ്പറ്റിയൊന്നും പറഞ്ഞുകഴിഞ്ഞിട്ടുണ്ട്.

(സി) ഫസ്ലി വീടുകൾ പണിതുകഴിഞ്ഞു. ൫൪ വീടുകൾ പണി പൂർത്തിയായിവരുന്നു. അങ്ങനെ ഇതുവരെ ൫൪ വീടുകൾ പണിതുകഴിഞ്ഞിട്ടുണ്ട്.

(ഡി) ൫൫ എ൭.

(ഇ) കന്യാകുമാരി, കൊല്ലം, കുമരകം, തേവര എന്നീ കേന്ദ്രങ്ങളിൽ കെട്ടിയിട്ടുള്ള വീടുകളുടെ വില മുഴുവൻ ൫ ൽ കൊല്ലത്തിനകം പലിശകൂടാതെ തവണക്കണക്കിനു് അടച്ചുതീർക്കുന്നതോടുകൂടി, വീടുകളുടെ ഉടമസ്ഥാവകാശം തൊഴിലാളികൾക്കു സിദ്ധിക്കുന്നതാണ്. ഇതിൽ, കന്യാകുമാരിയിലുള്ള സെൻറുകളിൽ ഈ പദ്ധതി നടപ്പിലാക്കിയതു് സഹകരണസംഘങ്ങൾ മുഖാന്തിരം ആയതുകൊണ്ടു്, ഇവകൾ അടച്ചുതീർക്കുന്നതും, വീടുകളുടെ ഉടമസ്ഥാവകാശം തൊഴിലാളികൾക്കു കൈമാറ്റം ചെയ്യുന്നതും ടി സഹകരണസംഘങ്ങൾ മുഖേനയാണ്.

തിരുവനന്തപുരം, ആലപ്പുഴ, ഇരിങ്ങാലക്കുട, ആലുവാ എന്നീ സ്ഥലങ്ങളിൽ മനിസിപ്പൽ തൊഴിലാളികൾക്കും, പുനലൂർ വ്യവസായതൊഴിലാളികൾക്കും വീടുകൊടുത്തിട്ടുള്ളതു് ഇവരിൽനിന്നും പ്രതിവർഷം വാടകയായി ഈടാക്കാവുന്നതു് വീടുകളുടെ വിലയുടെ ൫ ൽ ശതമാനത്തിൽ കവിയാൻ പാടില്ല എന്നുള്ള വ്യവസ്ഥയിലാണ്. വീടുകളുടെ വില മുഴുവൻ ൫ ൽ കൊല്ലത്തിനകം പലിശകൂടാതെ മനിസിപ്പാലിറ്റികൾ അടച്ചുതീർക്കുന്നതോടുകൂടി ഉടമസ്ഥാവകാശം അവയ്ക്കു സിദ്ധിക്കുന്നതാണ്. വ്യവസായിക ഭവനനിർമ്മാണപദ്ധതിയനുസരിച്ച് തവണക്കണക്കിനു് അടച്ചുതീർക്കുവാനുള്ള തുക അടക്കുന്നതോടുകൂടി പുനലൂരിലെ വീടുകളുടെ ഉടമസ്ഥാവകാശം മാനേജ്മെൻറിനു് സിദ്ധിക്കുന്നതാണ്.

(എഫ്) ബാക്കിയുള്ള രണ്ടു് സെൻറുകളിൽ ആലപ്പുഴയിൽ, കയ്യൂസ് മുതലായ പണികൾ തീരാത്ത ൧൫ വീടുകൾ താമസത്തിനു് എടുപ്പിക്കുന്നതാണ്. തിരുവനന്തപുരത്തു് ഇനിയും ൫൫ വീടുകൾകൂടി കെട്ടുവാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ഒരു വീടിനു് ശരാശരി എത്ര ഉക ചെലവാകും?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് പലതരത്തിലാണു്. ഏറ്റവും കൂടുതൽ ചെലവുവന്നിട്ടുള്ളതു് ഫ,ര ൦ ൦ രൂപയാണു്.

ശ്രീ. പി. കെ. ഡിവർ: വീടിരിക്കുന്ന സ്ഥലത്തിന്റെ വിലകൂടി ഇതിൽ ഉൾപ്പെട്ടതാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

ഡാക്ടറന്മാർ

*൩൭൨ (൯) ശ്രീമതി ദേവകീഗോപിദാസു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി സ്റ്റേറ്റിൽ ആശുപത്രികളിൽ ആവശ്യമുള്ളത്ര ഡാക്ടറന്മാർ ഉണ്ടോ;

(ബി) മെഡിക്കൽ ഡിപ്പാർട്ടുമെന്റിൽനിന്നും സ്വയം പെൻഷൻ പറ്റിയും നിർബ്ബന്ധിച്ചു പെൻഷൻ കൊടുത്തും ഫ൯ ൫ ൦-ൽ എത്രപേർ പിരിഞ്ഞു പോയിട്ടുണ്ടു്?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): (എ) ആവശ്യമുള്ളിടത്തോളം ഡാക്ടർമാർ ഇല്ല.

(ബി) ൭൩.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഡാക്ടർമാരില്ലാത്ത ആശുപത്രികളുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഇല്ല.

ശ്രീമതി ദേവകീഗോപിദാസു്: ചില ആശുപത്രികളിൽ ലേഡിഡാക്ടർമാരില്ലാത്തതുകൊണ്ടു് ആ സ്ഥലത്തുള്ള സ്ത്രീകൾ വളരെ വിഷമിക്കുന്നതായി അറിയാമോ?

ശ്രീ. എ. ജെ. ജോൺ: എല്ലാ ആശുപത്രികളിലും ലേഡി ഡാക്ടർമാരില്ല. ചില ആശുപത്രികളിൽ മാത്രമെയുള്ളൂ.

ശ്രീമതി ദേവകീഗോപിദാസു്: ഇതിനു പരിഹാരം എന്തെങ്കിലും ചെയ്യുവാൻ തവണ്ടെന്നുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ആവശ്യത്തിനുമാത്രം ഡാക്ടർമാരില്ലാത്ത ആശുപത്രികൾ ഏകദേശം ൨൭-ഓളം വരും അടുത്തകാലത്തു ൨൫ പേരെ എടുക്കുന്നതിലേക്കു് ആവശ്യമായ നടപടികൾ എടുത്തിട്ടുണ്ടു്. പബ്ലിക്ക് സർവ്വീസ് കമ്മിഷൻ മുഖേന നിയമിച്ചുകഴിഞ്ഞിട്ടുമുണ്ടു്.

ശ്രീ. എം. ഐ. പോൾ: ഇരുപതു പേരെ എടുക്കുന്നതുകൊണ്ടു് നമ്മുടെ ആവശ്യത്തിനു മതിയാകുമോ?

ശ്രീ. എ. ജെ. ജോൺ: മിക്കവാറും മതിയാകും

ശ്രീ. എം. ഐ. പോൾ: ചില ആശുപത്രികളിൽ ലേഡിഡാക്ടർമാർ ഇല്ലാതിരിക്കാനുള്ള പ്രധാനകാരണമെന്താണു്?

ശ്രീ. എ. ജെ. ജോൺ: ആവശ്യമുള്ളിടത്തോളം ലേഡിഡാക്ടർമാരെ ലഭിക്കാത്തതുകൊണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly